<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3462</u> <u>26-06-2024 - ൽ മറുപടിയ്ക്ക്</u>

<u>റവന്യൂ വകുപ്പിൽ അന്തർ വകുപ്പ് മാറ്റം വഴി നിയമനം കിട്ടിയവരുടെ സീനിയോറിറ്റി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കെ.പി.എസ്.സി. യുടെ അഡ്വൈസ് പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം കിട്ടുന്നവർക്ക് അന്തർ വകുപ്പ് മാറ്റം വഴി റവന്യൂ വകുപ്പിൽ നിയമനം അനുവദിക്കുമ്പോൾ പ്രസ്തുത ജീവനക്കാർക്ക് ആദ്യ നിയമനം കിട്ടിയ വകുപ്പിലെ അഡ്വൈസ് സീനിയോറിറ്റി നൽകാമെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളത് പരിഗണിക്കാതെ കെ.എസ്. & എസ്.എസ്.ആർ. ഭേദഗതിയിലൂടെ മാത്രമേ സീനിയോറിറ്റി അനുവദിക്കു എന്ന് റവന്യു വകുപ്പ് നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | റവന്യൂ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് ടി ജീവനക്കാരുടെ അപേക്ഷ പ്രകാരമാണ് നിലവിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകി വരുന്നത്. കെ.എസ്. & എസ്.എസ്.ആർ. ചട്ടം 27 (c) പ്രകാരമുള്ള സീനിയോറിറ്റി പരിരക്ഷ, ടി ജീവനക്കാർക്ക് നൽകുന്നതിന് അന്തർ വകുപ്പ് നിയമന ചട്ടങ്ങളിൽ ആവശ്യമായ ചട്ടഭേദഗതി ചെയ്യുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത ചട്ടഭേദഗതി വരുന്ന മുറയ്ക്ക് ഈ വിഷയത്തിൽ റവന്യൂ വകുപ്പിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച ഫയൽ നടപടികളിൽ ഗുരുതരമായ കാലതാമസം റവന്യൂ വകുപ്പ് വരുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | റവന്യൂ വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് ടി ജീവനക്കാരുടെ അപേക്ഷ പ്രകാരമാണ് നിലവിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകി വരുന്നത്. കെ.എസ്. & എസ്.എസ്.ആർ. ചട്ടം 27 (c) പ്രകാരമുള്ള സീനിയോറിറ്റി പരിരക്ഷ, ടി ജീവനക്കാർക്ക് നൽകുന്നതിന് അന്തർ വകുപ്പ് നിയമന ചട്ടങ്ങളിൽ ആവശ്യമായ ചട്ടഭേദഗതി ചെയ്യുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത ചട്ടഭേദഗതി വരുന്ന മുറയ്ക്ക് ഈ വിഷയത്തിൽ റവന്യൂ വകുപ്പിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |
| (സി) | ഈ വിഷയത്തിൽ നാളിതുവരെ എന്തു നടപടികളാണ് റവന്യൂ വകുപ്പ്/ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ? | (സി) | കെ.എസ് & എസ്.എസ്.ആർ ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വരുത്തുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ